# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:142 27.02.2017-ൽ മറുപടിക്ക്**

**<u>ഐ.എസ്. ബന്ധം</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി. ജോർജ് | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) ഐ.എസ്. ബന്ധത്തിന്റെ പേരിൽ സംസ്ഥാനത്ത് എത്ര പേരെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; | (എ) ഇതു സംബന്ധിച്ച അന്വേഷണം നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി ഏറ്റെടുത്തിരിക്കുകയാണ്. മൂന്ന് പേരെ കേരള പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ബി) ഇതിൽ എത്ര പേർ കേരളത്തിലെ വിവിധ ജയിലുകളിൽ ഉണ്ട്; ഇവരുടെ പേരു സഹിതം ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) 1) യാസ്മിൻ മുഹമ്മദ് സയ്യിദ്, ബിഹാർ– വിയ്യൂർ സെൻട്രൽ ജയിലിൽ (തൃശ്ശൂർ).<br>2) അർഷിദ് ഖുറേഷി, മുംബൈ – ഇപ്പോൾ ജാമ്യത്തിലാണ്.<br>3) റിസ്വാൻ ഖാൻ, തിരുനെൽവേലി – ഇപ്പോൾ ജാമ്യത്തിലാണ്. |
| (സി) ഇവരെ നിയന്ത്രിക്കാൻ എന്തെല്ലാം നടപടി ഇതുവരെ സ്വീകരിച്ചിട്ടുണ്ട്;<br>(ഡി) ഐ.എസ്. പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ കണ്ടെത്തി ഇവരുടെ പ്രവർത്തനം നിർത്തലാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | ഐ.എസ്സ് ആശയങ്ങളോട് ആഭിമുഖ്യം പുലർത്തുന്ന സന്ദേശങ്ങളും അവ സോഷ്യൽ മീഡിയ/ഇന്റർനെറ്റ് തുടങ്ങിയ മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുന്ന വ്യക്തികളുടെയും സംഘടന കളുടെയും പ്രവർത്തനങ്ങളും സസൂക്ഷ്മം നിരീക്ഷിക്കുകയും അവർക്കെതിരെ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. ഐ.എസ്സിൽ ചേർന്നതായി സംശയിക്കുന്ന വ്യക്തികൾ |

ബന്ധപ്പെടുന്ന ആൾക്കാരുടെയും പ്രവർത്തനങ്ങൾ തുടർച്ചയായി നിരീക്ഷിക്കുകയും സോഷ്യൽ മീഡിയ/ ഇന്റർനെറ്റ് മോണിറ്ററിംഗ് കാര്യക്ഷമമായി നടപ്പിലാക്കി വരികയും ചെയ്യുന്നു. ഇതു സംബന്ധിച്ച് സർക്കാർ ആവശ്യമായ നിർദ്ദേശങ്ങൾ പോലീസ് അധികാരികൾക്ക് നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**